ഉത്തരം

(എ) 1998 മാർച്ചിൽ പ്രോജക്റ്റ് കാലാവധി തീർന്നതിനാലും രോഗനിർമ്മാർജ്ജനം തടയുക എന്ന ലക്ഷ്യം കൈവരിച്ചതിനാലും ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കേന്ദ്ര ഗവൺമെന്റ് അവസാനിപ്പിക്കുകയാണ് ഉണ്ടായത്. എന്നാൽ സംസ്ഥാനസർക്കാരിന്റെ ഫൈലേറിയ കൺട്രോൾ വർക്സ് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്.

(ബി) വി.സി.ആർ.ബിയുടെ പ്രവർത്തനം നിർത്തുമ്പോൾ പകരം സമാനമായി സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന് യോജിപ്പായിരുന്നു ഇതു സംബന്ധിച്ച് പല ചർച്ചകളും നടന്നിരുന്നു.

(സി) ആലപ്പുഴ, സംസ്ഥാനമായി കേരളാ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആന്റ് ഇൻഫെക്ഷ്യസ് ഡിസീസസ് എന്ന പേരിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തനം സജ്ജമാക്കിക്കൊണ്ടിരിക്കുന്നു.

(ഡി-എഫ്) സൊസൈറ്റിയുടെ പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ സ്ഥലം, ഫണ്ട്, ഉപകരണങ്ങൾ മറ്റു സജ്ജീകരണങ്ങൾ എന്നിവ ലഭ്യമാക്കി കഴിഞ്ഞു. സൊസൈറ്റിയിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകളെക്കുറിച്ച് ഔദ്യോഗിക ചർച്ചകൾ പൂർത്തിയാക്കി വരുന്നു. ഉടൻതന്നെ സൊസൈറ്റിയുടെ പ്രവർത്തനോദ്ഘാടനം നിർവഹിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ദന്തരോഗ ചികിത്സാ യൂണിറ്റ് ആരംഭിക്കാൻ നടപടി

153 (157) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുൽത്താൻബത്തേരി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ദന്തരോഗ ചികിൽസാ യൂണിറ്റ് നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവിടെ ദന്തരോഗ ചികിൽസാ യൂണിറ്റ് ആരംഭിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) കേരളത്തിലെ എല്ലാ താലൂക്ക് ആശുപത്രികളിലും ഘട്ടംഘട്ടമായി ദന്ത ചികിത്സാ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് സ്വീകരിച്ചുവരികയാണ്.

പ്രകൃതി ചികിൽസാകേന്ദ്രം വികസിപ്പിക്കാൻ നടപടി

154 (158) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിൽ എത്ര പ്രകൃതി ചികിത്സാകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) കേരളത്തിൽ ആദ്യമായി ആരംഭിച്ചതും അഞ്ചേക്കറോളം സ്ഥലത്ത് സ്ഥിതിചെയ്യുന്നതുമായ വർക്കലയിലെ പ്രകൃതിചികിൽസാകേന്ദ്രം വികസിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ഈ ചികിത്സാകേന്ദ്രങ്ങൾ കൂടുതൽ വാർഡുകളും കിടക്കകളും അടിയന്തിരമായി ഏർപ്പെടുത്താൻ അനുവാദം നൽകുമോ ;

(ഡി) ഈ ചികിൽസാകേന്ദ്രത്തോടനുബന്ധിച്ച് ഒരു പ്രകൃതി ചികിൽസാകേന്ദ്രം കൂടി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ വകുപ്പിന്റെ കീഴിൽ കേരളത്തിൽ തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ ഒരു പ്രകൃതി ചികിൽസാകേന്ദ്രവും പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ഗവ: ആയുർവേദ ആശുപത്രിയോടനുബന്ധിച്ച് 10 കിടക്കകളോട് കൂടിയ ഒരു വാർഡും പ്രവർത്തിച്ചുവരുന്നു.

(ബി&സി) ഉണ്ട്. കേരളത്തിൽ ആദ്യമായി ആരംഭിച്ചതായ വർക്കല പ്രകൃതിചികിൽസാകേന്ദ്രം 30 കിടക്കകളോടുകൂടിയ കേന്ദ്രമായി ഉയർത്തുന്ന കാര്യം പരിശോധിച്ചു വരികയാണ്.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

നെടുമങ്ങാട് താലൂക്ക് ആയുർവേദ ആശുപത്രി

155 (159) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ താലൂക്കാസ്ഥാനമായ നെടുമങ്ങാട് ഒരു ആയുർവേദ ആശുപത്രി ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലയോര താലൂക്കായ ഇവിടെ ഒരു താലൂക്ക് ആയുർവേദ ഡിസ്പെൻസറി തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(സി) ഇതു സംബന്ധിച്ച് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ആയുർവേദ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിന് സ്ഥല നിർണ്ണയം സംബന്ധിച്ച് പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly